CC-0. In Public Domain. Digitized by eGangotri

ശൃംഗേരി

എന്ന

ധർമ്മ സാമ്രാജ്യം

Sri Vidya Bharathi
Book Centre,
Bharathi Street,
SRINGERI - 577 139.

Sri Vidyabharathi Book Centre, Sringeri

ശ്രീ ശാരദാ ശങ്കര സേവാ സമിതി പ്രസിദ്ധപ്പെടുത്തുന്നത്.

CC-O. In Public Domain. Digitized by eGangotri

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

ശൃംഗേരിയെന്ന ധർമ്മസാമ്രാജ്യം

××××

ഈ ലോകത്തിൽ ഏറ്റവും പുരാതനമായ സംസ്കാരമാണ് ആർഷ സംസ്കാരം. ആഡംബരങ്ങൾക്കും ലൗകീക സുഖങ്ങൾക്കും യാതൊരു വിലയും കൽപിക്കാതെ അന്തർമുഖന്മാരായി തന്നിൽതന്നെ ഈശ്വരനെ കണ്ടെത്തിയ ഋഷിവര്യന്മാരുടെ സംസ്കാരമാണ് നമ്മുടേത്. അവർ നമുക്ക് തന്ന അനശ്വര സമ്പത്തുക്കളാണ് വേദങ്ങൾ.

എല്ലാ സംസ്കാരങ്ങൾക്കുമെന്നപോലെ ആർഷ സംസ്കാരത്തിനും ചില കാലങ്ങളിൽ ഉലച്ചിൽ തട്ടിയിട്ടുണ്ട്. ഏകദേശം രണ്ടായിരത്തി അഞ്ഞൂറ് കൊല്ലങ്ങൾക്ക് മുമ്പ് ജനിച്ച ബുദ്ധൻ അഹിംസയും ദയയും പ്രചരിപ്പിച്ചുവെങ്കിലും അദ്ദേഹത്തിന്റെ അനുയായികൾ പിൽക്കാലത്തു് നേരായ മാർഗ്ഗത്തിലല്ല ചരിച്ചത്. മാത്രമല്ല ബുദ്ധൻറെത് ഈശ്വരനെക്കുറിച്ച് ഒന്നും പറയാത്ത ഒരു ശൂന്യവാദമായിരുന്നു. ബുദ്ധമതക്കാർ തന്നെ പല ചേരികളായി തിരിഞ്ഞു. ജൈനമതത്തിന്റെ പ്രചാരം മൂലവും ആർഷ സംസ്കാരത്തിനു് കോട്ടം തട്ടി. വൈദികമാർഗ്ഗികൾ തന്നെ വേദാന്തങ്ങളായ തത്വങ്ങളെ വിസ്മരിച്ചുകൊണ്ട് പല വിധത്തിലുള്ള ദുഷ്കർമ്മങ്ങളിലേർപ്പെട്ടു. മന്ത്രവാദം വാമാചാരം തുടങ്ങിയവ ഹിന്ദുമതത്തെ

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

തീർത്തും ദൂഷിതമാക്കും എന്ന സ്ഥിതി സംജാതമായി. കാപാലികർ, കാളാമുഖർ, ഭൈരവർ, മല്ലാരികൾ, ശാക്തർ, സൗരർ, മഹാവ്രതർ എന്നിങ്ങനെ എഴുപത്തിരണ്ട് വിധത്തിലുള്ള മതഭേദങ്ങൾ ഉണ്ടായി. ഈ വിവിധ മാർഗ്ഗങ്ങളിൽ പെട്ടവർ ഈശ്വരന്റെ പേരിൽതന്നെ ഇന്ദ്രിയവൃത്തന്മാരായി പല അതിക്രമങ്ങളും നടത്തി. ഈ കാലഘട്ടത്തിലാണ് ശ്രീ പരമേശ്വരന്റെ അവതാരമായ ആദിശങ്കരന്റെ ജനനം.

ആദിശങ്കരൻ സുമാർ ആയിരത്തി ഇരുനൂറ് കൊല്ലങ്ങൾക്ക് മുമ്പ് കേരളത്തിൽ കാലടി എന്ന സ്ഥലത്ത് ഒരു നമ്പൂതിരി ബ്രാഹ്മണ കുടുംബത്തിൽ ജനിച്ചു. ശ്രീ ശങ്കരന്റെ ചരിത്രം എല്ലാവർക്കും എറെക്കുറെ അറിവുള്ളതാണല്ലോ. ദിവ്യതേജസ്വിയായ ഈ ബാലൻ എട്ടാമത്തെ വയസ്സിൽതന്നെ സന്യാസാശ്രമം സ്വീകരിക്കാനായി വീട് വിട്ടു. നർമ്മദാനദിയുടെ തീരത്ത് ശ്രീ ഗോവിന്ദഭഗവത്പാദരിൽ നിന്നും സന്യാസം സ്വീകരിച്ച് ഭാരതത്തിലുടനീളം ചുറ്റി സഞ്ചരിച്ചു. മറ്റു മതക്കാരേയും ഹിന്ദുമതത്തിലെ തന്നെ ഇതര പക്ഷക്കാരേയും വാദത്തിൽ ജയിച്ച് ആർഷ സംസ്ക്കാരത്തെ നമ്മുടെ നാട്ടിൽ പുനഃസ്ഥാപിച്ചു. ബ്രഹ്മ സൂത്രം, ഭഗവദ്ഗീത, ഉപനിഷത്തുക്കൾ എന്നിവക്ക് വിശദമായ ഭാഷ്യങ്ങൾ രചിച്ചു. ഇവ കൂടാതെ ചെറുതും വലുതുമായ ഒട്ടനവധി ഗ്രന്ഥങ്ങൾ വേറെയും എഴുതി. ഭാരതത്തിലെ ക്ഷേത്രങ്ങളിലെ ആചാര സമ്പ്രദായങ്ങൾ ശ്രീ ശങ്കരൻ ക്രമീകരിച്ചു. സന്യാസികളെ 'ദശനാമികൾ' എന്നു പത്ത് വിധത്തിൽ തരംതിരിച്ചു. ഇന്നും കേരളത്തിൽ നിന്നുള്ള നമ്പൂതിരിയാണ് ബദരിയിൽ പൂജ നടത്തുന്നത്. നേപ്പാളിലെ പശുപതിനാഥക്ഷേത്രത്തിൽ കർണ്ണാടക സമ്പ്രദായ പ്രകാരം

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

രാജ്യം നടത്തുന്നു. ഈ മഹത്കൃത്യങ്ങളെല്ലാം വെറും മുപ്പത്തിരണ്ട് കൊല്ലക്കാലത്തെ ജീവിതം കൊണ്ടാണ് ശ്രീ ശങ്കരൻ ചെയ്ത തീർത്തത്. ഇതു കൊണ്ടാണ് ശ്രീമതി ഇന്ദിരാഗാന്ധി ചരിത്രപുരുഷന്മാരിൽ തന്നെ ഏറ്റവും ആകർഷിച്ചതു് ആദി ശങ്കരാചാര്യരാണെന്നു് പറഞ്ഞതു്.

സനാതന ധർമ്മത്തിനു് മാർഗ്ഗ നിർദ്ദേശം നൽകാനായി ആദിശങ്കരൻ ഭാരതത്തിൽ നാലു് ആമ്നായമഠങ്ങൾ സ്ഥാപിച്ചു. തെക്കു് ശൃംഗേരി ശാരദാമഠവും വടക്കു് ബദരിയിൽ ജ്യോതിർ മഠവും കിഴക്കു് ജഗന്നാഥപുരിയിൽ ഗോവർദ്ധനമഠവും പടിഞ്ഞാറു് ദ്വാരകയിൽ കാളികാമഠവുമാണിവ. ഇവയിൽ പ്രഥമവും പ്രധാനവുമായതാണ് ശൃംഗേരി

മംഗലാപുരത്തുനിന്നും ഏകദേശം എൺപത്തഞ്ചു നാഴിക വടക്കുകിഴക്കായി സഹ്യപർവ്വതത്തിന്റെ രമണീയ സാനുക്കളിൽ തുംഗാനദീതീരത്ത് ശൃംഗേരി സ്ഥിതി ചെയ്യുന്നു. ആദിശങ്കരൻ കാൽ നടയായി ഇവിടെ എത്തിയപ്പോൾ ഇവിടത്തെ പ്രകൃതി സൗന്ദര്യം അദ്ദേഹത്തെ ആകർഷിച്ചു. മാത്രമല്ല പ്രകൃത്യാ വൈരികളായ ജന്തുക്കൾ പോലും പരസ്പരം സ്നേഹം പുലർത്തുന്നതു് അദ്ദേഹം കണ്ടു. പ്രസവിക്കാറായ ഒരു തവളയെ സൂര്യതാപത്തിൽ നിന്നു് രക്ഷിക്കുവാൻ ഒരു പാമ്പ് തവളയുടെ മുകളിൽ ഫണം ഉയർത്തിപ്പിടിച്ച ദൃശ്യവും അദ്ദേഹം കണ്ടു. ഈ സ്ഥാനത്ത് അദ്ദേഹം തന്റെ ആദ്യത്തെ മഠമായ ശാരദാപീഠം സ്ഥാപിച്ചു.

വാല്മീകി രാമായണത്തിലെ ബാലകാണ്ഡത്തിൽ നിഷ്കളങ്കനും പുണ്യശ്ലോകനുമായ ഋഷ്യശൃംഗ മഹർഷിയുടെ കഥയുണ്ട്. വിഭാണ്ഡക മഹർഷിയുടെ മകനായ ഋഷ്യശൃംഗൻ കാട്ടിൽ തപസ്സും ധ്യാനവുമായി

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

പിതാവിന്റെ മേൽനോട്ടത്തിൽ വളർന്നുവന്നു. വിഷയങ്ങളിൽ തീരെ വിമുഖനായിരുന്ന ഈ യുവാവ് സ്ത്രീകളെ കണ്ടിട്ട് പോലുമുണ്ടായിരുന്നില്ല. അക്കാലത്ത് ലോമപാദൻ രാജ്യം ഭരിച്ചിരുന്ന അംഗ രാജ്യത്ത് മഴയില്ലാതെ കഷ്ടാമം കൊട്ടമ്പിരി കൊണ്ടു. കഠിന തപസ്വിയായ ഋഷ്യ ശൃംഗനെ ആനയിച്ചാൽ മാത്രമേ മഴ ലഭിക്കുകയുള്ളുവെന്ന് മന്ത്രിമാർ രാജാവിനെ ഉപദേശിച്ചു. ചില ദേവദാസികളെ നിയോഗിച്ച് സൂത്രത്തിൽ വിഭാണ്ഡകൻ സ്ഥലത്ത് ഇല്ലാതിരുന്നപ്പോൾ ഋഷ്യ ശൃംഗനെ രാജാവ് രജ്യത്തേക്കാനയിച്ചു. അതോടെ രാജ്യത്ത് മഴ പൊഴിയുകയും തുടർന്ന സുഭിക്ഷത കളിയാടുകയും ചെയ്തു. തന്റെ ഏകപുത്രിയായ ശാന്തയെ ഋഷ്യ ശൃംഗന് ലോമപാദ രാജാവ് കല്യാണം കഴിപ്പിച്ചുകൊടുത്തു. ഇങ്ങനെ രാജാവിനാൽ പൂജ്യനാക്കപ്പെട്ട ഋഷ്യശൃംഗനാണ് ദശരഥ മഹാ രാജാവ് നടത്തിയ പുത്രകാമേഷ്ടി യാഗത്തിൽ പ്രധാന കർമ്മിയായി വരിക്കപ്പെട്ടത്. ഈ വിഭാണ്ഡക മഹർഷിയും ഋഷ്യ ശൃംഗ മഹർഷിയും തപസ്സ് ചെയ്തിരുന്ന സ്ഥലമാണ് ശൃംഗേരി. ഋഷ്യ ശൃംഗ ഗിരി എന്നപേര് ലോപിച്ചാണ് ശൃംഗേരിയായത്.

ശൃംഗേരിയിൽ ശ്രീ ആദിശങ്കരൻ സ്വയം പാറയിൽ ഒരു ശ്രീ ചക്രം സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ അദ്ദേഹം ബ്രഹ്മ വിദ്യാസ്വരൂപിണിയായ ശ്രീ ശാരദാ ദേവിയെ പൂർണ്ണ കലയോടെ പ്രതിഷ്ഠിച്ചു. തന്റെ ശിഷ്യ പ്രധാനിയായ സുരേശ്വരാചാര്യരെ ഈ പീഠത്തിന്റെ അധിപതിയായി ശ്രീ ശങ്കരൻ നിയോഗിച്ചു. ശ്രീ ശങ്കരൻ തുടങ്ങി ഇന്നത്തെ മുപ്പത്തഞ്ചാമത്തെ പീഠാധിപതിയായ ശ്രീ ശ്രീ അഭിനവ വിദ്യാതീർത്ഥ മഹാ സ്വാമികളും അദ്ദേഹത്തിന്റെ നിയുക്ത പിൻഗാ

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

മിയായ ശ്രീ ശ്രീ ഭാരതീ തീർത്ഥ മഹാസ്വാമികളും ഈ ധർമ്മ സാമ്രാജ്യം ഭരിക്കുന്നു. അവിച്ഛിന്നമായി തുടർന്നു വരുന്ന ഈ മഹനീയ പരമ്പരയിൽ പീഠാധിപതികളായ എല്ലാവരും തന്നെ ശാരദയുടെയും ശങ്കരന്റെയും പൂർണ്ണ അവതാരങ്ങളാണ്. അപ്പോൾ അവർ അദ്വിതീയ സിദ്ധന്മാരും തപസ്വികളുമായി വിളങ്ങുന്നതിൽ ആശ്ചര്യമെന്താണുള്ളത് ?

ദക്ഷിണ ഭാരതത്തിന്റെ ആത്മീയ തലസ്ഥാനം ശൃംഗേരിയാണ്. ഈ ശൃംഗേരി പീഠത്തിൽ പന്ത്രണ്ടാമത്തെ ആചാര്യരായ ശ്രീ വിദ്യാരണ്യരുടെ കാലത്ത് അദ്ദേഹത്തിന്റെ അനുഗ്രഹം കൊണ്ടു മാത്രമാണ് ഹരിഹരൻ, ബുക്കൻ എന്നിവർ വിജയനഗര സാമ്രാജ്യം സ്ഥാപിച്ചത്. എ. ഡി. 1336ൽ ഇവർ പണിത വിദ്യാനഗരം (പിന്നീട് വിജയ നഗരം) ശ്രീ വിദ്യാരണ്യരുടെ പേരിൽ ഉണ്ടാക്കപ്പെട്ടതാണ്. മറാഠാ, ഗവാളിയർ ബറോഡ, നേപ്പാൾ, തിരുവിതാംകൂർ, മൈസൂർ എന്നീ രാജവംശങ്ങളെല്ലാം തന്നെ ശൃംഗേരി മഠാധിപതിയെ തങ്ങളുടെ ഗുരുവായി സ്വീകരിച്ചവരാണ്. ഹൈദ്രബാദ് നൈസാം, ഹൈദരാലി, ടിപ്പു സുൽത്താൻ ഇവരെല്ലാം ശൃംഗേരി ജഗദ് ഗുരുക്കന്മാരെ അത്യന്തം ആദരിച്ചിരുന്നു. ഇവർ ജഗദ് ഗുരുക്കന്മാർക്കെഴുതിയ കത്തുകൾ ഈ ആദരവ് പ്രകടമാക്കുന്നവയാണ്.

ശൃംഗേരിയിൽ വിഭാണ്ഡക മഹർഷിയാൽ പൂജിക്കപ്പെട്ട മലഹാനികരേശ്വര ക്ഷേത്രം എന്ന ശിവ ക്ഷേത്രം സ്ഥിതി ചെയ്യുന്നു. ഇതിനടുത്ത് കിഴക്ക് എന്ന സ്ഥലത്ത് ഋഷ്യശൃംഗ മഹർഷി വിദേഹ മുക്തി പ്രാപിച്ച Sri Vidyaranya Sri Vidyaranya Bharathi Book Centre, Sringeri ഇവ കൂടാതെ

CC-O. In Public Domain. Digitized by eGangotri

വളരെ പുരാതനങ്ങളായ മറ്റു പല ക്ഷേത്രങ്ങളും ആചാര്യന്മാരുടെ അധിഷ്ഠാനങ്ങളും ശൃംഗേരിയിലുണ്ട്. പതിനാലാം നൂറ്റാണ്ടിൽ നിർമ്മിക്കപ്പെട്ട വിദ്യാശങ്കര ക്ഷേത്രം ശിൽപ്പ ചാതുര്യത്തിന്റെ ഒരു മകുടോദാഹരണമാണ്. പതിനാറാം നൂറ്റാണ്ടിൽ പണി കഴിക്കപ്പെട്ട ഒരു ജനാർദ്ദന ക്ഷേത്രം, ഇതിന്റെ അടുത്തുള്ള ശ്രീരാമക്ഷേത്രം എന്നിവയെല്ലാം ശൃംഗേരിയിൽ കാണേണ്ട ക്ഷേത്രങ്ങളാണ്. വളരെ പഴക്കം ചെന്ന ഒരു ജൈനക്ഷേത്രവും ഇവിടെയുണ്ട്. ശ്രീ ശങ്കരൻ തന്നെ ഇവിടെ ശാരദാക്ഷേത്രം സ്ഥാപിക്കുകയും ശൃംഗേരിയുടെ നാലു ഭാഗത്തും രക്ഷാദേവതകളായി കാളഭൈരവനെയും ദുർഗ്ഗയെയും ഹനുമാനെയും കാളിയെയും പ്രതിഷ്ഠിക്കുകയും ചെയ്തു.

അനുനിമിഷം അദ്വൈതാനുഭൂതിയിൽ നിമഗ്നനായി ഈശ്വരനുമായി താദാത്മ്യം പ്രാപിച്ചിരുന്ന ആദി ശങ്കരന് കരണീയമായി എന്താണ് ഉണ്ടായിരുന്നത്? എങ്കിലും തന്റെ ജീവിതകാലം മുഴുവൻ അദ്ദേഹം കർമ്മനിരതനായിരുന്നതായി കാണുന്നു. മഹായോഗിയും ത്രികാലജ്ഞാനിയുമായിരുന്ന ശങ്കരൻ ലോകക്ഷേമത്തിനു വേണ്ടി നിഷ്കാമ കർമ്മമാണനുഷ്ഠിച്ചിരുന്നത്. ശൃംഗേരിയിലെ പിന്നിടുള്ള ആചാര്യന്മാരെല്ലാം ചെയ്തതും ഇതു തന്നെയാണ്.

"നമേ പാർത്ഥാസ്തി കർത്തവ്യം ത്രിഷു ലോകേഷു കിഞ്ചന
നാനവാപ്തമവാപ്തവ്യം വർത്ത ഏവ ച കർമ്മണി"
"പാർത്ഥാ, ഈ മൂന്ന് ലോകങ്ങളിലും എനിക്ക് കർത്തവ്യമായി ഒന്നുമില്ല. എനിക്ക് കിട്ടേണ്ടതായോ കിട്ടാത്തതായോ ഒരു വസ്തുവുമില്ല. എങ്കിലും ഞാൻ കർമ്മത്തിൽ ചരിക്കുന്നു". (ഭഗവത് ഗീത 3-22)

ശ്രീ [illegible] ജീവിതരീതിയാണ് ശൃംഗേരി പീഠാധിപതികൾ അനുഷ്ഠിച്ചു വരു

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

ന്നത്. എത്രയെത്ര രാജാക്കന്മാരും പ്രഭുക്കന്മാരുമാണ് ഇവരുടെ മുന്നിൽ തല കുനിച്ചിരുന്നത്. എത്രയെത്ര ധനവും സ്വത്തുക്കളുമാണ് ഇവർക്ക് കാണിക്കയായി ലഭിച്ചത് തപോനിഷ്ഠന്മാരായ ഇവർക്ക് ഇവ കൊണ്ടൊന്നും നേടേണ്ടതില്ല. എങ്കിലും സനാതന ധർമ്മത്തിന്റെ സാർത്ഥവാഹകരായി ബ്രഹ്മ വിദ്യാപീഠം അലങ്കരിക്കുന്ന ഇവർ തങ്ങളുടെ കർമ്മം ചെയ്യുന്നതായി കാണാം. എന്നാൽ ഇവർക്ക് ആത്മാനുഭൂതി സഹജ സിദ്ധമാണ്. ഇന്നത്തെ ജഗദ് ഗുരുവായ മഹാസന്നിധാനം ശ്രീ ശ്രീ അഭിനവ വിദ്യാതീർത്ഥ മഹാ സ്വാമികളെ ഒന്നു ദർശിച്ചാൽ ഈ സത്യം മനസ്സിലാക്കാം ഇദ്ദേഹത്തിന്റെ ചരിത്രശ്രവണം തന്നെ പാപഹരമാണ്. കേവലം പതിമൂന്നാം വയസ്സിൽ സന്യാസം സ്വീകരിച്ച ഇദ്ദേഹം ധർമ്മ മാർഗ്ഗത്തിൽ നിന്നും ദിനചര്യകളിൽ നിന്നും അണുമാത്ര പോലും വ്യതിചലിക്കാതെ തപോബലത്താൽ ഭഗവന്തന്മാരെ അനുഗ്രഹിച്ചുകൊണ്ട് ശൃംഗേരിയിലെ മുപ്പത്തഞ്ചാമത്തെ പീഠാധിപതിയായി വാണരുളുന്നു.

ശ്രീ മഹാസന്നിധാനം ഒരു മഹാനാണ്, ഒരു പണ്ഡിതനാണ്, ഒരു സിദ്ധനാണ്, ഒരു ധീഷണാശാലിനാണ്, ദീർഘദർശിയാണ്. ഇദ്ദേഹത്തെ ഒരു നോക്ക് കണ്ടാൽ വസിഷ്ഠൻ മുതലായ പുരാണ ദ്രഷ്യകളെ കണ്ട പ്രതീതിയാണ് നമുക്ക് ജനിക്കുന്നത്.

ശ്രീ മഹാസന്നിധാനത്തിന്റെ ശിഷ്യനും നിയുക്ത പിൻഗാമിയുമായ യുവയോഗി ശ്രീ ശ്രീ ഭാരതീ തീർത്ഥ സ്വാമികൾ ശ്രീ ശാരദാ ദേവിയുടെയും ആദി ശങ്കരൻ തുടങ്ങി തന്റെ മുപ്പത്തിയഞ്ച് മുൻഗാമികളുടെയും പരിപൂർണ്ണ തേജസ്സോടുകൂടി വിളങ്ങുന്നു. ഇദ്ദേഹം ശ്രീ വെങ്കിടേശ്വരനിൽ നിഷ്ണാതനാണ്. തികഞ്ഞ ഒരു വാഗ്മിയാണ്, സംസ്കൃതം, തെലുങ്ക്, കർണ്ണാ

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

ടകം, തമിഴ്, ഹിന്ദി, ഇംഗ്ലീഷ്, എന്നീ ഭാഷകൾ സരളമായി കൈകാര്യം ചെയ്യുന്ന ഒരു ബഹുഭാഷാപണ്ഡിതനാണ്. ഗുരുവിന്റെ പരിപൂർണ്ണ അനുഗ്രഹത്താൽ ആത്മാനുഭൂതി കൈവന്ന ഒരു സിദ്ധനാണ് ഇദ്ദേഹം. ഈ ഗുരുവും ശിഷ്യനും ഒരേ ഭാഷ സംസാരിക്കുന്നു. ഇവർ തമ്മിൽ ഭേദമില്ല. ഇത് ശിഷ്യന്മാർക്കെല്ലാം അറിയാവുന്ന സംഗതിയാണ്. തമ്മിൽ കാണാത്തപ്പോഴും പരസ്പരം ദൂരത്ത് സ്ഥിതി ചെയ്യുമ്പോഴും മഹാസന്നിധാനവും സന്നിധാനവും ഒരേ അഭിപ്രായം പ്രകടിപ്പിക്കുന്നു. ശാരദയും ശങ്കരനും നമ്മുടെ മുമ്പിൽ മഹാസന്നിധാനം സന്നിധാനം എന്നീ രൂപങ്ങളിൽ ചരിക്കുന്നു.

ആയിരത്തി ഇരുന്നൂറ് കൊല്ലങ്ങളായി സനാതന ധർമ്മത്തിന്റെ ദീപശിഖ ശൃംഗേരിയിൽ കെടാതെ സൂക്ഷിക്കുന്നു. പല തരത്തിലുള്ള ധാർമ്മിക കൃത്യങ്ങളും ശൃംഗേരി മഠം നടത്തുന്നുണ്ട്. വേദാഭ്യസനത്തിനായി രാജ്യത്തിന്റെ പല ഭാഗങ്ങളിൽ അനേകം പാഠശാലകൾ നടത്തപ്പെടുന്നു. ശൃംഗേരിയിൽ മാത്രം വേദവും സംസ്കൃതവും അഭ്യസിക്കുന്ന നൂറിൽപരം കുട്ടികളുണ്ട്. ഇവർക്ക് ഭക്ഷണവും താമസ സൗകര്യവും സൗജന്യമാണ്. വേദശാസ്ത്ര പണ്ഡിതന്മാരെ ബഹുമാനിക്കുകയും അവർക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നത് ശൃംഗേരി മഠത്തിന്റെ ഒരു പതിവാണ്. ചാതുർമ്മാസ്യത്തിൽ ഗണേശചതുർത്ഥി ദിവസം എല്ലാ കൊല്ലവും ഒരു വിദ്വത്സദസ്സ് നടത്തപ്പെടുന്നു. ഇതിൽ ഭാരതത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പണ്ഡിതന്മാർ പങ്കെടുക്കുന്നു. ഇവർക്ക് മഠത്തിൽ നിന്നും വേണ്ട സമ്മാനങ്ങൾ നൽകുന്നു. സംസ്കൃത പ്രചരണത്തിനായി 'ശ്രീ സുരസരസ്വതീ സഭ' എന്ന പേരിൽ ഒരു പാഠശാല നടത്തുന്നുണ്ട്.

കാലടിയിലെ ശ്രീ ശങ്കര കോളേജ് ശൃംഗേരി മഠത്തിന്റെ ആഭിമുഖ്യത്തിലാണ് നടത്തപ്പെടുന്നത്. ശൃംഗേരിയിൽ ഒരു കോളേജും പെൺകുട്ടികൾക്കായി ഒരു സ്കൂ

CC-O. In Public Domain. Digitized by eGangotri Book Centre, Singapore

CC-O. In Public Domain. Digitized by eGangotri

ളും നടത്തപ്പെടുന്നു. അടുത്ത കൊല്ലം മുതൽ കാലടിയിൽ രാഷ്ട്രീയ സംസ്കൃത സംസ്ഥാനത്തിന്റെ സിലബസ്സോടുകൂടി ഒരു സംസ്കൃത കോളേജ് തുടങ്ങുന്നുണ്ട്. വളരെയധികം പുസ്തകങ്ങൾ മഠത്തിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. 'ശ്രീ ശങ്കരകൃപ' എന്ന പേരിൽ കർണ്ണാടകത്തിലും തമിഴിലും തെലുങ്കിലും ഒരു മാസിക പ്രസിദ്ധീകരിക്കപ്പെടുന്നു. ഇംഗ്ലീഷിൽ തത്വാലോകം എന്ന പേരിൽ ഒരു ദ്വൈമാസിക പ്രസിദ്ധീകരിക്കുന്നുണ്ട്. 'ശ്രീ ശങ്കരകൃപ' അടുത്തുതന്നെ മലയാളത്തിലും പ്രസിദ്ധീകരിക്കുന്നതാണ്.

മഠത്തിന്റെ ആഭിമുഖ്യത്തിൽ ഒരു സയന്റിഫിക്ക് റിസർച്ച് അക്കാഡമി പ്രവർത്തിക്കുന്നു. 1979ൽ ശൃംഗേരിയിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു ആസ്പത്രി സ്ഥാപിക്കപ്പെട്ടു. മഠത്തിൽ നിന്നും പതിനെട്ട് ലക്ഷം ഉറുപ്പിക ഇതിനായി നൽകി. ഇന്ന് ഇത് വളരെ വലിയ ഒരു ആസ്പത്രിയായി വളർന്നിട്ടുണ്ട്. സംഭാവനകൾ മൂലം ഇപ്പോൾ ഇതിന്റെ ക്യാപ്പിറ്റൽ ഫണ്ട് ഏകദേശം ഒരു കോടി പതിനെട്ട് ലക്ഷം ഉറുപ്പികയാണ്. ഇവിടെ ചികിൽസ തികച്ചും സൗജന്യമാണ്.

ആദിശങ്കരൻ സ്ഥാപിച്ച നാല് മഠങ്ങളും ഭാരതീയരുടെ സ്വത്തുക്കളാണ്. നമ്മുടെ ധർമ്മത്തെ രക്ഷിക്കുന്നവയാണല്ലോ ഇവ. "ധർമ്മോരക്ഷതി രക്ഷിതഃ" ധർമ്മത്തെ രക്ഷിക്കുമ്പോൾ ധർമ്മം അതിനെ രക്ഷിക്കുന്നവരേയും രക്ഷിക്കുന്നു. ഗുരുസേവയും ഭഗവദ്സേവയും ഒന്നാണ്. ഗുരുസേവയും ധർമ്മവും ഒന്നുതന്നെയാണ്.

ശ്രീ ശങ്കരനെക്കുറിച്ച് ജവഹർലാൽ നെഹ്റു തന്റെ 'ഡിസ്കവറി ഓഫ് ഇന്ത്യ' എന്ന പുസ്തകത്തിൽ ഇങ്ങിനെ എഴുതി. "ശങ്കരാചാര്യർ ഭാരതത്തിന്റെ നാല് കോണുകളിലായി തന്റെ തുല്യൻ വളരെ അകലെ

Sri Vidyabharathi Book Centre, Sringeri

CC-0. In Public Domain. Digitized by eGangotri

നാല്യ മഹാരാജ്യങ്ങൾ സ്ഥാപിച്ചു. ഒന്നാമത്തേത് തെ
ക്കുള്ള ശൃംഗേരിയിലും മറ്റൊന്ന് കിഴക്കേ കടലോര
മായ പുരിയിലും മൂന്നാമത്തേത് പടിഞ്ഞാറേ കടൽത്തീര
ത്ത് കത്തിയവാറിലെ ദ്വാരകയിലും നാലാമത്തേത് ഹി
മാലയത്തിന്റെ ഹൃദയഭാഗത്ത് ബദരീനാഥിലുമാണ്.
ഉഷ്ണമേഖലാ പ്രദേശമായ തെക്കുഭാഗത്ത് നിന്നും വ
ന്ന ഈ ബ്രാഹ്മണൻ അങ്ങു മുകളിൽ മഞ്ഞു മൂടിയ
ഹിമാലയത്തിൽ മുപ്പത്തിരണ്ടാമത്തെ വയസ്സിൽ സമാധി
യായി.....

തന്റെ നാല് മഠങ്ങളെയും ഭാരതത്തിന്റെ തെ
ക്കും വടക്കും കിഴക്കും പടിഞ്ഞാറും സ്ഥാപിച്ച അ
ദ്ദേഹം തീർച്ചയായും സാംസ്കാരികമായി ഒന്നായ ഒരു
ഇന്ത്യയെ ശക്തിപ്പെടുത്താൻ ഉദ്ദേശിച്ചിരിക്കണം'' നെഹ
റു വീണ്ടും പറഞ്ഞു. ''ഈ നാല് മഠങ്ങളും ഇന്ന
ത്തെ ഹിന്ദു ധാർമ്മിക തത്വത്തിന്റെ കേന്ദ്രങ്ങളാണ്
ഇവയെ ബഹുമാനിച്ചില്ലെങ്കിൽ നാം സ്വയം നശിക്കും''

ശൃംഗേരി ഒരിക്കലെങ്കിലും സന്ദർശിക്കേണ്ട
ത് ഓരോ ഭാരതീയന്റെയും കടമയാണ്.

XXXX

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

ಬೆಲೆ Rs. 5/-

Sri Vidyabharathi Book Centre, Sringeri

Naveen Printers, Fort Road, Can-1 Phone: 5584